ഉത്തരം

(എ) 1. ബാലുശ്ശേരി .. 22104

2. അത്തോളി .. 13303

(ബി)

| | സെക്ഷന്റെ പേര് | |
|---|---|---|
| | ബാലുശ്ശേരി | അത്തോളി |
| ഗാർഹികം | 18226 | 11037 |
| വ്യവസായം | 209 | 149 |
| കാർഷികം | 531 | 357 |

## താമരക്കുളത്ത് കളക്ഷൻ സെന്റർ സ്ഥാപിക്കാൻ നടപടി

30 [2647] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ താമരക്കുളം ഗ്രാമപഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കൾ വൈദ്യുത ചാർജ്ജ് അടയ്ക്കാൻ ബഹുദൂരം സഞ്ചരിക്കേണ്ടി വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ താമരക്കുളം കേന്ദ്രമായി ഒരു കെ. എസ്. ഇ. ബി. കളക്ഷൻ സെന്റർ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) താമരക്കുളത്ത് ഒരു കളക്ഷൻ സെന്റർ എന്നത്തേക്ക് സ്ഥാപിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ഇക്കാര്യം പരിഗണനയിലാണ്.

## കുന്ദമംഗലം കെ. എസ്. ഇ. ബി. ഓഫീസ് കെട്ടിടം മാറ്റുന്നത് സംബന്ധിച്ച്

31 [2648] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം കെ. എസ്. ഇ. ബി. ഓഫീസ് ഒഴിഞ്ഞു കൊടുക്കണമെന്ന് കെട്ടിട ഉടമ ആവശ്യപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതു സംബന്ധിച്ച് അപേക്ഷ ലഭിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത അപേക്ഷയിൻമേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ഡി) കുന്ദമംഗലം കെ. എസ്. ഇ. ബി. ഓഫീസ് പ്രവർത്തിപ്പിക്കുന്നതിന് പകരം കെട്ടിടം കണ്ടെത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ഇ) എങ്കിൽ പ്രസ്തുത കെട്ടിടത്തിലേക്ക് ഓഫീസ് മാറ്റുന്നതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ;

(എഫ്) പുതുതായി കണ്ടെത്തിയ കെട്ടിടത്തിൽ കെ. എസ്. ഇ. ബി. ഓഫീസ് എന്ന് മുതൽ പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

(ജി) കുന്ദമംഗലത്ത് കെ. എസ്. ഇ. ബി. ഓഫീസിന് സ്വന്തമായി കെട്ടിടം ഉണ്ടാക്കുവാൻ നടപടി സ്വീകരിക്കുമോ;

(എച്ച്) എങ്കിൽ ഇതിന് വേണ്ടി കണ്ടെത്തിയ സ്ഥലം ഏതാണെന്ന് വ്യക്തമാക്കുമോ;

(ഐ) സ്വന്തം കെട്ടിടം ഉണ്ടാക്കുന്നതിന് വേണ്ടി കൈക്കൊണ്ട നടപടി വിശദീകരിക്കാമോ;

(ജെ) കുന്ദമംഗലം കെ. എസ്. ഇ. ബി. ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടം എന്ന് ഒഴിഞ്ഞു കൊടുക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 27-4-2003-ൽ.

(സി & ഡി) അപേക്ഷ പരിഗണിച്ച് ഓഫീസ് പ്രവർത്തിക്കാൻ മറ്റൊരു കെട്ടിടം കണ്ടെത്തിയിട്ടുണ്ട്.

(ഇ) ഓഫീസ് പ്രവർത്തനത്തിനുവേണ്ടിയുള്ള ക്രമീകരണങ്ങൾ നടന്നു കൊണ്ടിരിക്കുന്നു.

(എഫ്) 2005 മാർച്ച് അവസാനത്തോടെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഇപ്പോൾ പരിഗണനയിലില്ല.

(എച്ച് & ഐ) ഉദിക്കുന്നില്ല.

(ജെ) മാർച്ച് മാസം അവസാനത്തോടെ ഒഴിഞ്ഞു കൊടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## പൈങ്ങോട്ടുപുറം വെസ്റ്റിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ

32 [2649] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം നിയോജക മണ്ഡലത്തിലെ പൈങ്ങോട്ടുപുറം വെസ്റ്റിലെ വോൾട്ടേജ് ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു പരിഹരിക്കുന്നതിന് ഇവിടെ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഈ ആവശ്യം പരിഗണിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ഡി) പൈങ്ങോട്ടുപുറം വെസ്റ്റിൽ ട്രാൻസ്ഫോർമർ എന്നു സ്ഥാപിക്കുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) എ. പി. ഡി. ആർ. പി. സ്കീമിൽ ഉൾപ്പെടുത്തി ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഏപ്രിൽ 15-നുള്ളിൽ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## പൂങ്കുടി പ്രദേശത്ത് ട്രാൻസ്ഫോർമർ

33 [2650] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി മണ്ഡലത്തിൽ അരീക്കോട് സെക്ഷന് കീഴിലെ പൂങ്കുടി പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly